# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2493** **05.11.2019-ൽ മറുപടിക്ക്**

## ഡബിൾ ഡക്കർ വൈദ്യുതി ലൈൻ

| | ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള<br>" പി.കെ.അബ്ദു റബ്ബ്<br>" വി.കെ.ഇബ്രാഹിം കുഞ്ഞ്<br>" പാറക്കൽ അബ്ദുല്ല | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പ്രകൃതി സൗഹൃദ ഡബിൾ ഡക്കർ വൈദ്യുതി ലൈൻ സംസ്ഥാനത്ത് യാഥാർത്ഥ്യമായിട്ടുണ്ടോ; | (എ) | പ്രകൃതി സൗഹൃദ ഡബിൾഡക്കർ വൈദ്യുതി ലൈനുകൾ (മൾട്ടി സർക്യൂട്ട് ലൈനുകൾ) സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | മരങ്ങൾ മുറിക്കാതെ ചുരുങ്ങിയ സ്ഥലം പ്രയോജനപ്പെടുത്തിയുള്ള ഈ സംവിധാനത്തിന്റെ മറ്റു പ്രധാന സവിശേഷതകൾ വിശദീകരിക്കാമോ; | (ബി) | ഒരേ ഇടനാഴിയിൽ കൂടി വിവിധ വോൾട്ടേജ് തലത്തിലുള്ള നാലോ അതിലധികമോ ലൈനുകൾ വലിക്കുന്നതിനു വേണ്ടി നിലവിലുള്ള ലൈനുകൾ ഉപയോഗപ്പെടുത്തുന്നതിനാൽ ഈ സംവിധാനം ഉപയോഗപ്പെടുത്തുന്നത് വഴി ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കുറക്കാൻ കഴിയും. അതുകൊണ്ട് തന്നെ കൂടുതൽ മരങ്ങൾ മുറിക്കുന്നതും കുറക്കാൻ കഴിയും. |
| (സി) | ഈ സംവിധാനം ഇപ്പോൾ എവിടെയെല്ലാം നടപ്പാക്കിയിട്ടുണ്ട്; കൂടുതൽ ഭാഗങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ഈ സംവിധാനം പ്രധാനമായും 110 കെ വി മുകളിലുള്ള വോൾട്ടേജ് തലത്തിലാണ് ഉപയോഗിച്ച് വരുന്നത്. ഇപ്പോൾ ഇത് മാടക്കത്തറ-മലപ്പറമ്പ, പോത്തൻകോട്-പള്ളിപ്പുറം, ബ്രഹ്മപുരം-കൊച്ചിൻ ഈസ്റ്റ് തുടങ്ങിയ സ്ഥലങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്.<br>കൂടാതെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ട്രാൻസ്ഗ്രിഡ് 2.0 എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഈ സംവിധാനം കേരളത്തിലങ്ങോളമിങ്ങോളം വിവിധ സ്ഥലങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ഡി) | വൈദ്യുതി വിതരണ സംവിധാനത്തിൽ ഇതു വഴി പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ ? | (ഡി) | ഈ സംവിധാനം ഉപയോഗപ്പെടുത്തുന്നത് വഴി ഭൂമി സംബന്ധമായ തർക്കങ്ങൾ ഒഴിവാക്കാൻ കഴിയുന്നതിനാൽ നിർമ്മാണ പ്രവർത്തനങ്ങളും, |

| | | | |
|---|---|---|---|
| | | | അറ്റകുറ്റപ്പണികളും വേഗത്തിലാക്കാൻ കഴിയുകയും, അത് വഴി തടസ്സരഹിതവും ഗുണമേന്മയുള്ളതുമായ വൈദ്യുത വിതരണം സാധ്യമാകുകയും ചെയ്യും. കൂടാതെ ആവാസ വ്യവസ്ഥയിലുണ്ടാകുന്ന ആഘാതം കുറയ്ക്കുന്നതിനാൽ കൂടുതൽ പ്രകൃതി സൗഹൃദമായി പ്രസരണ ലൈനുകൾ നിർമ്മിക്കുവാനും കഴിയുന്നു. |

സെക്ഷൻ ഓഫീസർ